ഭരണഭാഷ മാതൃഭാഷ

AHD/4828/2024-H2

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം -33
ഫോൺ : 0471 -2302283
directorah.ker@nic.in
തീയതി :05-08-2026

## സർക്കുലർ

വിഷയം:- താറാവ് നഴ്സറികളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് - സംബന്ധിച്ച്

സൂചന:- താറാവ് നഴ്സറികളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 22/05/2026 തീയതി കൂടിയ കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്

## താറാവ് നഴ്സറി അംഗീകാരത്തിനുള്ള മാനദണ്ഡങ്ങൾ

( 1 ) താറാവുകുഞ്ഞുങ്ങളെ സർക്കാർ അംഗീകൃത ഫാമുകളിൽ നിന്നു മാത്രമേ സംഭരിക്കുവാൻ പാടുള്ളൂ. എന്നാൽ, സർക്കാർ ഫാമുകളിൽ ആവശ്യത്തിന് താറാവ് കുഞ്ഞുങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും 'ലഭ്യതാ രഹിത സർട്ടിഫിക്കറ്റ്' (NAC) കൈപ്പറ്റേണ്ടതാണ്. തുടർന്ന്, സാംക്രമിക പക്ഷിരോഗ ബാധയില്ലാത്ത പ്രദേശങ്ങളിൽ നിന്നു മാത്രം, ഓതറൈസേഷൻ കമ്മിറ്റിയുടെ (Authorization Committee) മുൻകൂർ അനുമതിയോടു കൂടി മാത്രമെ താറാവ് കുഞ്ഞുങ്ങളെ വാങ്ങുവാൻ പാടുള്ളൂ. ഇങ്ങനെ വാങ്ങുന്ന താറാവിൻ കുഞ്ഞുങ്ങളുടെ എണ്ണവും അവ വാങ്ങിയ സ്ഥലം / സ്ഥാപനം എന്നീ വിവരങ്ങൾ രേഖകൾ സഹിതം ഓതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

**(a) ഓതറൈസേഷൻ കമ്മിറ്റി അംഗങ്ങൾ**

ചെയർപേഴ്സൺ - ചീഫ് വെറ്ററിനറി ഓഫീസർ (ഡി.വി.സി)

കൺവീനർ - ഡെപ്യൂട്ടി ഡയറക്ടർ എ.എച്ച് (ഡി.എ.എച്ച്.ഒ)

വൈസ് കൺവീനർ - ഡെപ്യൂട്ടി ഡയറക്ടർ (എ.ഡി.ഡി.എൽ)

(b) ഓതറൈസേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ അന്തിമ നടപടിക്രമങ്ങൾ കൈകൊള്ളേണ്ടതാണ്.

(2) പ്രസ്തുത താറാവ് നഴ്സറിയുടെ പ്രവർത്തനം ബന്ധപ്പെട്ട വെറ്ററിനറി സർജന്റെ പൂർണ്ണ

നിരീക്ഷണത്തിലും നിർദ്ദേശങ്ങൾക്കും വിധേയമായി മാത്രമേ നടത്തുവാൻ പാടുള്ളൂ. ഇതിനുപരിയായി, മൃഗസംരക്ഷണ വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർക്ക് ആവശ്യാനുസരണം ഏതു സമയത്തും പ്രസ്തുത നഴ്സറിയിൽ ഇൻസ്പെക്ഷൻ (പരിശോധന) നടത്തുന്നതിനുള്ള പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

( 3 ) സർക്കാർ ഉത്തരവ് അനുസരിച്ച് ഏർപ്പെടുത്തിയിട്ടുള്ള പക്ഷിമൃഗാദികളെ വളർത്തുന്നതിനും അവയെ വാഹനങ്ങളിൽ കയറ്റികൊണ്ട് പോകുന്നതിനുമുള്ള നിരോധനം / വിലക്ക് നിലനിൽക്കുന്ന കാലയളവുകളിലോ പ്രദേശങ്ങളിലോ താറാവുകളെ വളർത്തുന്നത് കർശനമായി നിരോധിച്ചിരിക്കുന്ന ഘട്ടങ്ങളിൽ താറാവ് കുഞ്ഞുങ്ങളെ കൊണ്ടുവരാനോ വളർത്തുവാനോ പാടുള്ളതല്ല.

( 4 ) താറാവ് വളർത്തൽ കേന്ദ്രവും പരിസര പ്രദേശങ്ങളും എപ്പോഴും പരിപൂർണ്ണ ശുചിത്വത്തോടെയും, പകർച്ചവ്യാധി / സാംക്രമിക രോഗാണുക്കളുടെ വ്യാപനത്തിന് ഇടനൽകാത്ത വിധത്തിലും, പൊതുജനങ്ങൾക്ക് യാതൊരുവിധ ഉപദ്രവമോ ബുദ്ധിമുട്ടോ ഉണ്ടാകാത്ത തരത്തിലും സൂക്ഷിക്കേണ്ടതാണ്.

( 5 ) താറാവ്കുഞ്ഞുങ്ങൾക്ക് ആവശ്യമായ ചൂട് നൽകി വളർത്തുന്നതിനുള്ള അനുയോജ്യമായ ബ്രൂഡിംഗ് **(Brooding)** സൗകര്യം നഴ്സറികളിൽ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

( 6 ) മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന നിശ്ചിത സമയ ഇടവേളകളിൽ ഡക്ക് പാസ്റ്ററെല്ലോസിസ് **(Duck Pasteurellosis),** ഡക്ക് പ്ലേഗ് **(Duck Plague)** എന്നീ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകളും മറ്റ് ആരോഗ്യ സംരക്ഷണ നടപടികളും യഥാസമയം നിർബന്ധമായും നിർവ്വഹിക്കേണ്ടതാണ്.

(7) താറാവു വളർത്തലുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക രേഖകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിച്ച് പരിപാലിക്കേണ്ടതും, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. (ഓതറൈസേഷൻ കമ്മിറ്റി നിഷ്കർഷിക്കുന്ന രജിസ്റ്ററുകളും മറ്റ് അനുബന്ധ രേഖകളും)

( 8 ) താറാവുവളർത്തലിൽ ശാസ്ത്രീയ പരിപാലനത്തിലും ആവശ്യമായ സാങ്കേതിക പരിജ്ഞാനവും മുൻപരിചയവും ഉണ്ടായിരിക്കേണ്ടതാണ്.

( 9 ) സർക്കാർ നിശ്ചയിക്കുന്ന നിരക്കുകളിൽ തന്നെ താറാവുകുഞ്ഞുങ്ങളെ വിതരണം ചെയ്യുവാൻ സന്നദ്ധരാകേണ്ടതാണ്.

(10) താറാവ് വളർത്തുന്ന പ്രദേശത്തെ അധികാരപരിധിയുള്ള വെറ്ററിനറി സർജൻ / സീനിയർ വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ ഔദ്യോഗിക വാക്സിനേഷൻ

സർട്ടിഫിക്കറ്റ് കർഷകൻ ഓതറൈസേഷൻ കമ്മിറ്റിയ്ക്ക് മുൻപാകെ ഹാജരാക്കേണ്ടത് അനിവാര്യമാണ്.

(11) താറാവ് വളർത്തലുമായി ബന്ധപ്പെട്ട് സർക്കാരോ ബന്ധപ്പെട്ട വകുപ്പുകളോ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ മാനദണ്ഡങ്ങളും നിബന്ധനകളും ഉത്തരവുകളും കർശനമായി പാലിക്കേണ്ടതാണ്.

(12) താറാവ് നെഴ്സറികൾ സ്ഥാപിക്കുന്നതിന് വകുപ്പുമായി വ്യക്തമായ കരാറിൽ കർഷകൻ ഏർ പ്പെട്ടിരിക്കേണ്ടതാണ്. സ്വന്തം സ്ഥലം ഇല്ലാത്തവർക്ക് കരാർ വ്യവസ്ഥയിൽ താറാവ് നഴ്സറി സ്ഥാപിക്കാവുന്നതാണ്. കർഷകൻ നൽകുന്ന അപേക്ഷയോടൊപ്പം, കർഷകന്റെ ഉടമസ്ഥതയിലോ നിയമപരമായ കൈവശാവകാശത്തിലോ ഉള്ള ആവശ്യമായ ഭൂമിയുടെ ആധാരരേഖകളോ അവകാശരേഖകളോ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രസ്തുത വസ്തു/നിലം/വയൽ ആരുടെ ഉടമസ്ഥതയിലാണോ അവരുടെ സമ്മത പത്രം ഹാജരാക്കേണ്ടതാണ്. <u>"സമ്മത പത്രം- "താറാവ് കുഞ്ഞുങ്ങളെ സർക്കാർ ആവശ്യങ്ങൾക്ക് പ്രസ്തുത സ്ഥലത്ത് പരിപാലിക്കുന്നതിനുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള സമ്മത പത്രം."</u>

(13) താറാവ് നഴ്സറി സ്ഥാപിക്കാൻ താല്പര്യമുള്ള കർഷകർ തിരുവല്ലയിലുള്ള ഏവിയൻ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബറട്ടറിയിൽ (ADDL) നടത്തുന്ന മൂന്ന് ദിവസത്തെ പരിശീലന പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പരിശീലനം വിജയകരമായി പൂർത്തീകരിച്ചതിനു ശേഷം ലഭിക്കുന്ന സാക്ഷ്യപത്രം അപേക്ഷ സമർപ്പിക്കുന്നതിനുള്ള അടിസ്ഥാന നിർബന്ധിത യോഗ്യതയായിരിക്കും.

(14) താറാവ് നഴ്സറി നടത്തുവാൻ താല്പര്യമുള്ള കർഷകർ, മൃഗസംരക്ഷണ വകുപ്പുമായി കരാർ ഒപ്പുവെക്കുന്നതിന് മുൻപായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ (LSGI) നിന്നുമുള്ള ആവശ്യമായ ലൈസൻസ് ഒരു മാസത്തിനകം കരസ്ഥമാക്കേണ്ടതാണ്. ആവശ്യമായി വരുന്ന പക്ഷം, ലൈസൻസ് ഹാജരാക്കുന്നതിനായി അധികാരപ്പെടുത്തിയ ഓതറൈസേഷൻ കമ്മിറ്റിക്ക് പരമാവധി ആറ് മാസം വരെ സമയപരിധി നീട്ടി നൽകാവുന്നതാണ്. പ്രസ്തുത സമയപരിധിക്കുള്ളിലും ആവശ്യമായ ലൈസൻസ് കർഷകന് ഹാജരാക്കാൻ സാധിക്കാത്തപക്ഷം, ആയത് ലഭ്യമാക്കുന്നത് വരെ അപേക്ഷയിന്മേലുള്ള നടപടികൾ മാറ്റിവെക്കുന്നതാണ്.

(15) താറാവ് വളർത്തൽ നഴ്സറികൾ ആലപ്പുഴ ജില്ലയിലേയ്ക്ക് മാത്രം നിജപ്പെടുത്തിയിരിക്കുന്നു.

Digitally signed by
SINDHU K
Date: 05-08-2026
17:54:41

**DIRECTOR**

സ്വീകർത്താവ്:

1) എല്ലാ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാക്കും. (അതാത് ജില്ലയിലെ ഫാമുകൾ, വെറ്ററിനറി ഡിസ്പെൻസറികൾ, മൃഗാശുപത്രികൾ എന്നിവർക്ക് നൽകുക).

പകർപ്പ്:

1 അഡീഷണൽ ഡയറക്ടർ (എ.എച്ച്)

2 അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)

3 ജില്ലാ മൃഗസംരക്ഷണ ഓഫീസർ ആലപ്പുഴ

ജോയിന്റ് ഡയറക്ടർ (പൗൾട്രി), ഡെപ്യൂട്ടി ഡയറക്ടർ (പൗൾട്രി).

4

5 ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്-ഡി.എ.എച്ച്.ഒ ആലപ്പുഴ)

6 ഡെപ്യൂട്ടി ഡയറക്ടർ (എ.ഡി.ഡി.എൽ)

IT സെക്ഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

7

8 സ്റ്റോക്ക് ഫയൽ, എച്ച് 2 സെക്ഷൻ